# അംബിക എ. എൽ. പി. സ്കൂൾ
# ഉദുമ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# വിഷൻ
# 2K25

# അംബിക എ എൽ പി എസ് ഉദുമ
# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന വിവരങ്ങൾ :

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | അംബിക എ എൽ പി എസ് ഉദുമ |
| വില്ലേജിന്റെ പേര് | : | ഉദുമ |
| താലൂക്കിന്റെ പേര് | : | ഹോസ്ദുർഗ് |
| പഞ്ചായത്ത് | : | ഉദുമ |
| വിദ്യാഭ്യാസ ഉപജില്ല | : | ബേക്കൽ |
| നിയമസഭാമണ്ഡലം | : | ഉദുമ |
| ലോക് സഭാമണ്ഡലം | : | കാസറഗോഡ് |
| പ്രധാനാധ്യാപികയുടെ പേര് | : | രമണി കെ |
| ഫോൺ നമ്പർ | : | 9446083884 |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക

എന്നതാണ് വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് .വികാസനോൻമുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപ വൽക്കരിക്കേണ്ടതുണ്ട് . പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മിക്കതും ഭൗതികവും അക്കാദമികവുമായ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്

ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയെ നിർണ്ണയിക്കുന്ന പൊതുസ്ഥാപനമാണ് വിദ്യാലയം .നാടിന്റെ സർവ്വതോൻമുഖമായ വളർച്ചയുടെ ഭാഗമായി മാറാൻ അംബിക എ എൽ പി എസിന് സാധിച്ചിട്ടുണ്ട് . 1951 - ൽ എഴുത്ത് പള്ളിക്കൂടമായി ചെറിയൊരു ഷെഡിൽ തുടങ്ങിയ ഈ സ്കൂൾ ഇന്ന് പാലക്കുന്ന് ശ്രീ ഭഗവതിക്ഷേത്ര ഭരണസമിതിയുടെ കീഴിൽ ഭൗതികമായും അക്കാദമികമായും വളരെയേറെ മുന്നേറി കഴിഞ്ഞു .ഇംഗ്ലീഷ് മലയാളം മീഡിയങ്ങളാണ് ഈ സ്കൂളിൽ ഉള്ളത് .പ്രീ പ്രൈമറി മുതൽ 5 -ാം തരം വരെ 429 കുട്ടികൾ പഠിക്കുന്ന ഇവിടെ 17 മുറികളോടു കൂടിയ മോശമല്ലാത്ത ഭൗതിക സൗകര്യങ്ങളുള്ള വിദ്യാലയമായി മാറിയിരിക്കുകയാണ് .അക്കാദമിക കലാകായിക മത്സരങ്ങളിൽ മികവ് പുലർത്താൻ കഴിഞ്ഞിട്ടുണ്ട്

## ലക്ഷ്യം

ഒന്നു മുതൽ 5 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന മുഴുവൻ ശേഷികളും ആർജിക്കാനുതകും വിധം അക്കാദമിക പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് അനുഗുണമായ രീതിയിൽ അക്കാദമിക ഭൗതിക പശ്ചാത്തലം സജ്ജീകരിക്കുകയും ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക.

## കാഴ്ചപ്പാട്

അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ഇതേവരെ കൈവരിച്ച മികവുകൾ നിലനിർത്തുന്നതിനോടൊപ്പം നൂതന സാങ്കേതികവിദ്യയുടേയും ബോധനരീതികളുടെയും ഫലപ്രദമായ പ്രയോഗത്തിലൂടെ വിദ്യാലയത്തെ അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും പ്രദേശിക സമൂഹത്തിന്റെ പൊതു സാംസ്കാരിക ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കാൻ പര്യാപ്തമായ തരത്തിൽ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും സാമൂഹ്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുകയും വിദ്യാലയത്തെ ഹൈടെക് വിദ്യാലയമായി മാറ്റിയെടുക്കുകയും ചെയ്യുക. കുട്ടികൾ ഓരോ ക്ലാസ്സിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പു വരുത്തുക. കൂടാതെ മൂല്യങ്ങൾ മനോഭാവം, പരിസ്ഥിതി ബോധം സഹജീവി സ്നേഹം എന്നിവ വളർത്തുന്നതിന് ഉപയുക്തമായ വിധത്തില് വിധത്തിൽ വിദ്യാലയാന്തരീക്ഷം ഒരുക്കുക.

## 1 അവസ്ഥാവിശകലനം

### ഭൗതികമേഖല -മികവുകൾ -പരിമിതികൾ

ഓരോ ക്ലാസ്സിനും ശിശു സൗഹൃദപരമായ രീതിയിലുള്ള ക്ലാസ്സ് മുറികൾ ഉണ്ട്. എല്ലാ കെട്ടിടങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഓരോ ക്ലാസ്സിലും 2 വീതം ഫാനുകളും ആവശ്യമായ പ്ലഗ് സൗകര്യങ്ങളും ഉണ്ട്. ഐ.ടി. അധിഷ്ഠിത പഠനം സാധ്യമാകും വിധം പരിമിതമായ തോതിലെങ്കിലും കമ്പ്യൂട്ടറുകളും ലഭ്യമാണ്. കടിവെള്ള സൗകര്യങ്ങളും ശുചിമുറികളിൽ ജലലഭ്യതയും ഉറപ്പു വരുത്തിയിട്ടുണ്ട്.

ലൈബ്രറി, ലാബ് സൗകര്യങ്ങൾ ഇല്ല. എല്ലാം ഒരു മുറിയിലാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. സ്കൂളിന് ആവശ്യമായ സ്ഥല ലഭ്യതക്കുറവ് ഉണ്ട്. കുട്ടികൾക്കു വേണ്ടിയുള്ള കളിസ്ഥലം സ്കൂളിൽ നിന്ന് അൽപം അകലെയായതു കൊണ്ട് കായികപരമായി കോച്ചിംഗ് കൊടുക്കാൻ ബുദ്ധിമുട്ട് ഉണ്ട്. സ്റ്റാഫ് റൂം സൗകര്യം ഇല്ല.

## അക്കാദമിക മേഖല പൊതുമികവുകൾ പരിമിതികൾ

ഉപജില്ല തലങ്ങളിൽ വിവിധ അക്കാദമിക മൽസരങ്ങളിൽ തിളക്കമാർന്ന വിജയം നേടാൻ കഴിയുന്നുണ്ട്. സാമൂഹ്യ ശാസ്ത്രമേളകളിലും പ്രവൃത്തി പരിചയമേളകളിലും ചാമ്പ്യൻമാരാകാൻ കഴിഞ്ഞിട്ടുണ്ട്. കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പും ഗണിത മേഖകളിൽ റണ്ണർ-അപ്പ് ആകാനും സാധിച്ചിട്ടുണ്ട്. വർഷങ്ങളായി കലാമേളകളിൽ ബേക്കൽ ഉപജില്ലാ ചാമ്പ്യൻമാരാകാൻ കഴിഞ്ഞിട്ടുണ്ട്.

പരിമിതമായ എണ്ണം കുട്ടികളെങ്കിലും ഇനിയും അക്കാദമിക ശേഷി ഉറക്കാത്ത കുട്ടികളുണ്ട്. ഒറ്റയ്ക്കും കൂട്ടായും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ സൗകര്യപ്രദമായ ലാബിന്റെ അഭാവം പഠനമികവിനെ ബാധിക്കുന്നുണ്ട്. വർക്ക് ഷീറ്റുകൾ പഠനവിഭവങ്ങൾ എന്നിവ വികസിപ്പിക്കാൻ അധ്യാപക പരിശീലനം ആവശ്യമാണ്.

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയമേഖല    മലയാളം**

### മികവുകൾ.

* മാതൃഭാഷയിൽ നിലവിൽ പകുതിയിലധികം കുട്ടികളെ മികച്ച നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.
* ഐ.സി.ടി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്.
* സ്കൂൾ ക്ലാസ്സ് ലൈബ്രറികളിൽ ഭാഷാപഠനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന പുസ്തകങ്ങൾ ലഭ്യമാണ്.
* ഭാഷാശേഷിയുമായി ബന്ധപ്പെട്ട വിവിധ മൽസരങ്ങളിൽ സബ് ജില്ലാതലത്തിൽ മികവ് പ്രകടിപ്പിക്കാൻ കഴിയുന്നു.
* വായനാ കാർഡുകൾ മറ്റ് പഠനാസാമഗ്രികൾ എന്നിവ തയ്യാറാക്കി ഉപയോഗിക്കുന്നുണ്ട്.

### പരിമിതികൾ

* ഓരോ ക്ലാസ്സിലും നിർദ്ദേശിക്കപ്പെട്ട സൂചകങ്ങൾക്കനുസരിച്ച് എല്ലാ വ്യവഹാരരൂപങ്ങളും ആശയ പൂർണതയോടെ തയ്യാറാക്കാൻ എല്ലാകുട്ടികൾക്കും കഴിയുന്നില്ല.
* എല്ലാ പഠനനേട്ടങ്ങളിലും മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.

* സർഗാത്മക രചനകളിൽ വേണ്ടത്ര അനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
* ചിഹ്നങ്ങളും വാക്യഘടനയും പാലിച്ചുകൊണ്ട് ആശയ വ്യക്തയോടെ ലേഖനം നടത്താൻ മുഴുവൻ കുട്ടികൾക്കും കഴിയുന്നില്ല.
* എല്ലാ പ്രവർത്തനങ്ങളിലും ഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിയുന്നില്ല.
* നിരന്തരമായ വിലയിരുത്തൽ ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.
* ഐ.സി.ടി വിഭവങ്ങളുടെ ലഭ്യത പരിമിതമാണ്.

<u>ലക്ഷ്യം</u>

അക്കാദമിക ഭൗതിക സാഹചര്യങ്ങൾ സാഹചര്യങ്ങൾ സജ്ജീകരിക്കുന്നതിലൂടെ മാതൃഭാഷ കൈകാര്യം ചെയ്യുന്നതിൽ എല്ലാ കുട്ടികളെയും മികച്ച നിലവാരത്തിലെത്തിക്കുക.

<u>ഉപ ലക്ഷ്യങ്ങൾ</u>

* ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചുള്ള മുഴുവൻ ഭാഷാശേഷികളിലും എല്ലാം കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക

* കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിലൂടെ ഭാഷ സ്നേഹവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.
* സർഗാത്മക രചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാപ്രയോഗ ശേഷി വളർത്തുക.
* ഭിന്നശേഷി ഉള്ള കുട്ടികളെ ഉൾകൊള്ളാൻ കഴിയും വിധം പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും മിനിമം ശേഷി ഉറപ്പിക്കുകയും ചെയ്യുന്നു

## പ്രവർത്തനങ്ങൾ.

### ലക്ഷ്യം

ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ ഭാഷാശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നില വാരത്തിലെത്തിക്കുക.

* വായനാകാർഡുകൾ വികസിപ്പിക്കൽ

ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ ശേഷി മേഖലകളിൽ പഠിതാവിന്റെ നിലവാരം മെച്ചപ്പെടുത്താനുയോജ്യമായ വായനാകാർഡുകൾ രൂപപ്പെടുത്തൽ.

* വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ

വിവിധയൂണിറ്റുകളിലെ വ്യവഹാര രൂപങ്ങൾക്ക് അനുസരിച്ച് വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ.

* **നിരന്തര മൂല്യ നിർണ്ണയം**

ഓരോ വ്യവഹാര രൂപത്തിന്റെയും വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് വിവിധ ശേഷിമേഖലകളിൽ പഠിതാവിന്റെ പുരോഗതി വിലയിരുത്താനും പരിസര ബോധനം നടത്താനും ഉതകും വിധം നിരന്തര മൂല്യ നിർണയ ടൂളുകൾ രൂപപ്പെടുത്തൽ..

**ലക്ഷ്യം**

കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിലൂടെ ഭാഷാ സ്നേഹവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

* **വായനാക്കൂട്ടം**

ക്ലാസ്സ് തലവായനാകൂട്ടം രൂപികരിച്ച് ലൈബ്രറിയിൽ നിന്ന് പരമാവധി പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ച വായനാ കുറിപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നു.

* **വായനാമത്സരം**

പ്രതിവാര വായനാമത്സരം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു.

* **ദിനാചരണങ്ങൾ**

ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് കലണ്ടർ തയ്യാറാക്കുന്നു. കുട്ടികളുടെ ടാലന്റ് പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.

* **സ്കൂൾ ആകാശവാണി**

കഥ, കവിത, വായനാക്കുറിപ്പുകൾ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ എന്നിങ്ങനെ വിവിധങ്ങളായ അവതരണങ്ങൾക്ക് അവസരമൊരുക്കുന്നു.

* **അമ്മ വായന- അമ്മയോടൊപ്പം വായന**

രക്ഷിതാക്കൾക്കായി സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുകയും , കുട്ടിയോടൊപ്പം വായിച്ച് കൂട്ടായി കുറിപ്പുകൾ, കഥാപാത്ര നിരൂപണം എന്നിവ തയ്യാറാക്കൽ

**ലക്ഷ്യം**

സർഗാത്മക രചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാ പ്രയോഗശേഷി വളർത്തുക.

* **രചനാശിൽപശാല**

ഓരോ യൂണിറ്റിനു ശേഷവും സർഗാത്മക രചനകൾക്കായി സർഗവേള പിരിഡുകളിൽ ശിൽപ ശാലകൾ സംഘടിപ്പിക്കുക.

* **എഴുത്തുമാല**

കുട്ടികളുടെ മികച്ച രചനകൾ ക്ലാസ് മുറിയിൽ അവസരമൊരുക്കും വിധം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുക.

* **വിദ്യാരംഗം കലാസാഹിത്യ വേദി**

ക്ലാസ്സ് തലയൂണിറ്റുകൾ രൂപീകരിച്ച് പ്രദേശികമായി ലഭ്യമായ വിദഗ്ധരുടെ സേവന പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നൽകൽ.

ലഘു നാടക കളരി

പാഠഭാഗങ്ങളുടെ നടകീകരണം നടത്തി ക്ലാസ്സ് പി. ടി. എ. കളിൽ അവതരിപ്പിക്കൽ

നവമാധ്യമ കൂട്ടായ്മ

നവ മാധ്യമ കൂട്ടായ്മകളിലൂടെ മികവുകൾ പങ്കു വയ്ക്കൽ

ലക്ഷ്യം

ഭിന്ന ശേഷിയുള്ള കുട്ടികൾ ഉൾകൊള്ളാൻ കഴിയും വിധം പ്രവർത്തങ്ങൾ വികസിപ്പിക്കുകയും മിനിമം ശേഷി ഉറപ്പു വരുത്തുകയും ചെയ്യുന്നു.

പഠനോപകരണ ശില്പശാല

രക്ഷിതാക്കളെയും ഉൾപ്പെടുത്തി റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ അനിയോജ്യമായ പഠന സാമഗ്രികൾ വികസിപ്പിക്കൽ

ഐ. സി. ടി. വിഭവങ്ങൾ വികസിപ്പിക്കൽ

പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പരിഹാര ബോധനം നടത്തുന്നു.

മലയാളം

1. പാട്ടരങ്ങ്

കുട്ടികളിൽ പഠന താത്പര്യം വളർത്താനും പഠനം ആസ്വാദ്യ മാക്കുന്നതിനും വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തുന്നതിനും അവ ചെറു സദസ്സിന് മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കൽ

ലക്ഷ്യം

ഭാഷാ വികാസ മേഖലയിലും സർഗ്ഗാത്മക സൗന്ദര്യാത്മക വികാസ മേഖല യിലും പാട്ടുമായി ബന്ധപ്പെട്ട പഠന ലക്ഷ്യങ്ങൾ നേടുക.

2. സംയുക്ത ഡയറി

കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതി ദിനം ചിത്ര സഹിതം ചെറു വാക്യങ്ങളിൽ രേഖ പ്പെടുത്താനുള്ള അവസരം ഒരുക്കൽ

ലക്ഷ്യം

കുട്ടികളുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാ സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാനുള്ള അവസരം ഒരുക്കൽ

3. വായനോത്സവം

ബാല സാഹിത്യ കൃതികൾ സ്വതന്ത്ര മായി വായിക്കുന്നതിൽ അവസാനിക്കുന്ന വായനാ പ്രവർത്തനങ്ങൾ

ലക്ഷ്യം

> കുട്ടികളെ സ്വതന്ത്ര വായനക്കാരായി മാറ്റുക.
> വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണ ശേഷി വികസിപ്പിക്കും

4. റീഡേഴ്സ് തിയേറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിനു പുറത്തുള്ള തുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്.

ലക്ഷ്യം

ഭാവം ഉൾക്കൊണ്ടു ശബ്ദവ്യതിയാനത്തോടെ സദസ്സിന് മുമ്പാകെ ഉച്ചത്തിൽ വായന നടത്താനുള്ള കഴിവ് വളർത്തുക

5. സചിത്ര പുസ്തകം

ഉദ്ഗ്രഥിത പ്രവർത്തങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകം രൂപത്തിൽ അവതരിപ്പിക്കുന്നു.

ലക്ഷ്യം

കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

6. കാവ്യാവിഷ്ക്കാരം

വ്യത്യസ്ത എഴുത്തുക്കാരുടെ കവിതകൾ പരിചയപ്പെടൽ, സ്വന്തമായി കവിതകൾ വായിച്ചാസ്വ ദിക്കൽ, വായിച്ച കവിതകൾ വിവിധ തരത്തിൽ അവതരിപ്പിക്കാൽ തുടങ്ങിയ പ്രവർത്തങ്ങളിലൂടെ കടന്നു പോകുന്നു

ലക്ഷ്യം

വ്യത്യസ്ത ഈണം, താളം, ഭാവം എന്നിവ ഉൾകൊണ്ട് കവിതകൾ അവതരിപ്പിക്കുന്നു.

7. കാവ്യോത്സവം

അഭിനയ സാധ്യതയുള്ള കവിത, ശേഖരണ പുസ്തകം, ചോദ്യോത്തരപ്പാട്ട് പൂരിപ്പിച്ചു പാടാനാവുന്ന പാട്ട്, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പാട്ട് ( ശാസ്ത്രം ) ആഘോഷവുമായി ബന്ധപ്പെട്ട പാട്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കാവ്യോത്സവം 3,4 ക്ലാസ്സുകളിൽ സംഘടിപ്പിക്കുന്നു.

ലക്ഷ്യം

കുട്ടി പാട്ട്, ചെറുകവിതകൾ എന്നിവ ആസ്വദിക്കുന്നതിനുംക്കുന്നതിനും ഭാവത്മക മായി അവതരിപ്പിക്കുന്നത്തിനും അവസരം ലഭിക്കുന്നു.

8. സർഗ്ഗാത്മക ഡയറി

കുട്ടികളുടെ ചിന്ത, ഭാവന എന്നിവ ഒരു ഡയറിയിലൂടെ മെച്ചപ്പെട്ട എഴുത്തായും പുതിയതൊരു സൃഷ്ടിയായും മാറ്റുന്നതിനു സർഗ്ഗാത്മക ഡയറിയിലൂ ടെ സാധിക്കുന്നു.

ലക്ഷ്യം

സ്വതന്ത്രരചനയിലൂടെ കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും സർ ഗ്ഗാ ത്മ സൃഷ്ടിയായി മാറ്റുന്നതിനുള്ള അവസരം ലഭിക്കുന്നു

9. വിജയ സ്പർശം

സ്കൂൾ സമയത്തിനു പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക. വർക്ക് ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധന ങ്ങളും പഠനത്തിനായി ഉപയോഗി ക്കുന്നു.

ലക്ഷ്യം –

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

10. രചനാപരിചയ കുറിപ്പ്

ലക്ഷ്യം വായിച്ചാസ്വാദിച്ച കഥകൾ,കവിതകൾ തുടങ്ങിയവ തന്റേതായ ആസ്വാദ തലത്തിലൂടെ വായനക്കാരെ രസിപ്പിക്കുന്നതിനുതകുന്നരചനകൾ തയ്യാറാക്കുന്നു.

* പകുതിലധികം കുട്ടികളും ഗണിത ഭാഷ ഉപയോഗിക്കാൻ കഴിവുള്ളവരാണ്.
* ഗണിത പഠനത്തിൽ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ട്.
* സ്കൂൾ ലൈബ്രറിയിൽ ഗണിത പഠനത്തിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാണ്.

**പരിമിതികൾ**

* ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കാനും പ്രശ്ന പരിഹാരണത്തിലും ഉള്ള അവസരം കുറവാണ്.
* വസ്തുകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും എല്ലാ കുട്ടികൾക്കും കഴിയുന്നില്ല.
* മുഴുവൻ കുട്ടികൾക്കും ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

**ലക്ഷ്യം**

എല്ലാ കുട്ടികളേയും ഗണിത ശാസ്ത്രത്തിൽ ഉള്ളടക്ക പ്രക്രിയ- സർഗാത്മക മേഖലകളിൽ മികച്ച നിലവാരത്തിലെത്തിക്കുക.

**ഉപലക്ഷ്യങ്ങൾ**

* ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹാരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
* ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ എല്ലാവരെയും കഴിവുള്ളവരാക്കുക.

* ഗണിതശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് തുടർപ്രവർത്തന സാധ്യതകൾ നൽകും വിധം പ്രക്രിയ ബന്ധിത പഠനത്തിന്റെ സാധ്യകൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക.
* ഭിന്ന ശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക

## പ്രവർത്തനങ്ങൾ

ലക്ഷ്യം : ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗിപ്പെടുത്തുക.

1. **ഹോണസ്റ്റി ഷോപ്പ്**

   ഓരോ ക്ലാസ്സിലും ഹോണസ്റ്റിഷോപ്പുകൾ സജ്ജീകരിക്കുന്നു. കച്ചവട ഗണിതം പ്രായോഗികമായി പരിചയപ്പെടുത്തുന്നു.

2. **കുടുംബ ബജറ്റ് സർവെ**

   ഓരോരുത്തരും വീട്ടിലെ വരവു ചെലവ് കണക്ക് ശേഖരിച്ച് ബജറ്റ് തയ്യാറാക്കുന്നു. കമ്മി ബജറ്റുകൾ കണ്ടെത്തി പ്രശ്ന പരിഹാര പ്രവർത്തനകൾ കണ്ടെത്തി പ്രശ്ന പരിഹരണ പ്രവർത്തനങ്ങൾ കുട്ടികൾ ആസൂത്രണം ചെയ്യുന്നു.

3. **പഠനോപകരണ ശിൽപശാല**

   അടിസ്ഥാനക്രിയകൾ ഉറപ്പിക്കാൻ മൂർത്തമായ പഠനസാമഗ്രികൾ വികസിപ്പിക്കുന്നു.

* വർക്ക് ഷീറ്റുകൾ

നിരന്തര വിലയിരുത്തലിന് സഹായകമായ വിധത്തിൽ ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ.

ലക്ഷ്യം : ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ അവസരമൊരുക്കുന്നു.

1 കച്ചവട പന്തൽ

കച്ചവടക്കളികളിലൂടെ ഗണിതഭാഷ കുട്ടികളിലുറപ്പിക്കുന്നു. ഗണിത ഭാഷയുടെ പ്രയോഗം ഉൾക്കൊള്ളുന്ന വിവിധ ഗണിതകേളികൾ ആസൂത്രണം ചെയ്യുന്നു.

2. ഗണിതാസ്വാദനം

സംഖ്യപാറ്റേണുകൾ /ജ്യോമെട്രിക്കൽ പാറ്റേണുകൾ എന്നിവ നിർമിക്കാനുള്ള പരിശീലനകൂട്ടങ്ങൾ സംഘടിപ്പിക്കുന്നു.

ലക്ഷ്യം : ഗണിത ശാസ്ത്രത്തിൽ പ്രതിഭാധരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ സൂക്ഷ്മാസൂത്രണത്തിൽ ഉൾപ്പെടുത്തുക.

1. **സൂക്ഷ്മാസൂത്രണം.**

   പ്രക്രിയ ബന്ധിത പഠനം സാധ്യമാകും വിധം പാഠഭാഗങ്ങളുടെ സൂക്ഷ്മാസൂത്രണം തയ്യാറാക്കൽ.

2 തുടർപ്രവർത്തന പാക്കേജ്

ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് തുടർപ്രവർത്തന സാധ്യതകൾ വികസിപ്പിക്കൽ

3 നിർമാണ കളരി

ജ്യാമിതീയ രൂപങ്ങൾ ശേഖരിക്കലും നിർമാണവും

ലക്ഷ്യം : ഭിന്നശേഷികളുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

1 ഗണിതലാബ്

ഗണിതാശയങ്ങൾ പ്രയോഗികമായി മനസ്സിലാക്കാൻ ഉപകരിക്കുന്ന തരത്തിൽ ക്ലാസ്സിൽ ഗണിത ലാബ് ഒരുക്കൽ

2 പ്രീ - ടെസ്റ്റ്

പ്രീ- ടെസ്റ്റ് നടത്തി അടിസ്ഥാ ശേ ഷി കളിൽ പരിഹാര ബോധനം

3 ഗണനചിന്ത

ലക്ഷ്യം-

സംഖ്യാബോധം ഉറക്കുകയും വ്യത്യസ്ത തരത്തിൽ സംഖ്യകളെ തരം തിരിച്ചെഴുതുകയും ചെയ്യുന്നു.

## പരിസര പഠനം

**മികവുകൾ**

* പരിസര പഠനത്തിൽ പൊതുവിൽ മികച്ച നിലവാരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

* പരിസര പഠനത്തിലെ ശാസ്ത്ര സാമൂഹ്യ ശാസ്ത്രം എന്നീ വിഷയമേഖലകളുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന ക്വിസ് മൽസരത്തിൽ സബ് ജില്ലയിലും ജില്ലയിലും മികച്ച വിജയം.

* പരീക്ഷണത്തിനാവശ്യമായ സാധനങ്ങളും മറ്റും ലബോറട്ടറിയിൽ ഉണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നു.

* ഫീൽഡ് ട്രിപ്പ്, ഐ.ടി. സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്.

* പരീക്ഷണങ്ങൾ സ്വയമേവ ഏറ്റെടുക്കാൻ മിക്ക കുട്ടികളും തയ്യാറാണ്.

* സ്കൂൾ ലൈബ്രറിയിൽ പരിസര പഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാണ്.

**പരിമിതികൾ**

* എല്ലായൂണിറ്റും വിനിമയം ചെയ്യാൻ പര്യാപ്തമായവർക്ക് ഷീറ്റുകൾ വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

* പരിസര പഠനത്തിലൂടെ നേടിയ അറിവിനെ പ്രയോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

- പ്രക്രിയാ ശേഷികളിലും മനോഭാവ മേഖലയിലും നിശ്ചിത നിലവാരം ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.
- പരിസര പഠനത്തിന്റെ അടിസ്ഥാന ശിലയായ പരീക്ഷണ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയുന്നില്ല.

ലക്ഷ്യം

അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ പരിസര പഠനത്തിലെ മുഴുവൻ പഠനനേട്ടങ്ങളും കുട്ടികളിലെത്തിക്കുക.

ഉപലക്ഷ്യം.

- പരിസരപഠനത്തിലെ എല്ലാ പഠനനേട്ടങ്ങളും മുഴുവൻ കുട്ടികളിലും എത്തിക്കുക.
- പരീക്ഷണ സാമഗ്രികൾ ക്ലാസ്സിലും സ്കൂളിലും വീട്ടിലും ഒരുക്കുക.
- ഭൂമി ശാസ്ത്ര സംബന്ധമായ ആശയങ്ങൾ (ഭ്രമണം, പരിക്രമണം, പൗർണമി, അമാവാസി) കൃത്യമായി വിനിമയം ചെയ്യാനാവശ്യമായ സങ്കേതങ്ങൾ വികസിപ്പിക്കുന്നു.
- ഭൂപടവായനയിൽ താൽപര്യം ജനിപ്പിക്കുക
- ശാസ്ത്ര സർഗാത്മകത വികസിപ്പിക്കുക.
- ഭിന്ന ശേഷിക്കാരായ കുട്ടികളെ ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

പ്രവർത്തനങ്ങൾ

<u>ലക്ഷ്യം</u>

പരിസര പഠനത്തിലെ എല്ലാ പഠന നേട്ടങ്ങളും മുഴുവൻ കുട്ടികളിലും എത്തിക്കാനാവശ്യമായ അക്കാദമിക പിന്തുണ നൽകുന്നു.

- **വർക്ക് ഷീറ്റുകൾ**

എല്ലാ യൂണിറ്റിലേയും ആശയങ്ങൾ സ്വാംശീകരിക്കാനാവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.

- **പഠനബോധന സാമഗ്രികൾ**

കുട്ടികളുടെയും, രക്ഷിതാക്കളുടെയും ശാസ്ത്രാധ്യാപകരുടെയും സഹായത്തോടെ പഠന സാമഗ്രികൾ ഒരുക്കൽ

- **ചോദ്യ ബാങ്ക്**

നിരന്തര മൂല്യ നിർണ്ണയം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റ് ചോദ്യശേഖരവും സൂചകങ്ങളും വികസിപ്പിക്കുക.

- **ലഘു പ്രോജക്ടുകൾ**

അറിവ് പ്രായോഗികമായി പ്രയോജനപ്പെടുത്താൻ അവസരമൊരുക്കും വിധം ലഘുപ്രോജക്ടുകളും സെമിനാറുകളും സംഘടിപ്പിക്കുക.

<u>ലക്ഷ്യം</u>

ഓരോ യൂണിറ്റിലേയും പരീക്ഷണപ്രവർത്തനങ്ങളും സാധനങ്ങളും ലിസ്റ്റ് ചെയ്യൽ.

* ക്ലാസ് പി.ടി.എ

പ്രതിമാസയോഗങ്ങളിൽ വിശദീകരണം നൽകൽ

* പരീക്ഷണ കളരി

പരീക്ഷണം വീട്ടിലും സ്കൂളിലും കൃത്യമായി നടത്തി പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കി പൊതു വേദികളിൽ അവതരിപ്പിക്കൽ (പി.ടി.എ,അസംബ്ലി)

<u>ലക്ഷ്യം</u>

അക്കാദമിക ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഭൂമിലൂടെ ഭൂമിശാസ്ത്ര സംബന്ധിയായ വിഷയങ്ങൾ ക്ലാസ് റൂമിൽ ഫലപ്രദമായി വിനിമയം ചെയ്യൽ.

* ജ്യോതിശാസ്ത്ര ക്ലാസ്സുകൾ

പ്രാദേശികമായി ലഭ്യമായ വിദഗ്ധരെ ഉപയോഗപ്പെടുത്തി ദിക്കുകൾ, ഭ്രമണം, പരിക്രമണം, പൗർണമി, അമാവാസി എന്നിവയെ കുറിച്ചുള്ള പ്രാഥമിക അറിവ് ലഭ്യമാക്കാനുള്ള ക്ലാസ്സ് നൽകൽ

<u>ലക്ഷ്യം</u>

ശാസ്ത്രസർഗാത്മകത വികസിപ്പിക്കുക.

* ക്ലാസ്സ് തലത്തിൽ ശാസ്ത്ര മേളകൾ

ക്ലാസ്സ് തലത്തിൽ ശാസ്ത്ര മേളകൾ സംഘടിപ്പിക്കൽ

* ശാസ്ത്ര ലൈബ്രറി

ക്ലാസ്സ് തല ലൈബ്രറിയുടെ ഭാഗമായി പരിസര പഠന സംബന്ധിയായ പുസ്തകങ്ങൾ സജ്ജീകരിക്കുകയും സയൻസ് ഫിക്ഷനുകൾ വായിക്കാനും ആശയങ്ങളെ വിവിധ രീതിയിൽ പുനരാവിഷ്കരിക്കാനും അവസരമൊരുക്കുക.

* ദിനാചരണങ്ങൾ

ശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് രചനകൾ നടത്താൻ അവസരമൊരുക്കുകയും പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക.

* പ്രതിവാര പ്രശ്നോത്തരി

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര പ്രശ്നോത്തരികൾ നടത്തുന്നു.

ലക്ഷ്യം

ഭിന്ന ശേഷിക്കാരായ കുട്ടികളെ ഉൾകൊള്ളും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

* ഐ.സി.ടി. വിഭവങ്ങൾ

നേരിട്ടുള്ള അനുഭവം ലഭിക്കും വിധം ദൃശ്യ, ശ്രാവ്യ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഐ.സി.ടി വിഭവങ്ങൾ വികസിപ്പിക്കുക.

* പുറം വാതിൽ പഠനം

ഫീൽഡ് ട്രിപ്പുകൾ പഠനത്തിൽ ഉൾപ്പെടുത്തുക

* പഠന കാർഡുകൾ

ചിത്രങ്ങൾ ഉൾപ്പെടുത്തി പഠനത്തിൽ തയ്യാറാക്കുക..

പരിസര പഠനം

* വളരുന്ന നിരീക്ഷണ പുസ്തകം
* ലഘു പരീക്ഷണം
* ഫീൽഡ് ട്രിപ്പ്

ലക്ഷ്യം

* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക

* പരീക്ഷണ നിരീക്ഷണ പ്രവർത്തങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

* നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയുന്നതിനും പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുന്നതിനും ഫീൽഡ് ട്രിപ്പ് സഹായിക്കുന്നു.

Five 'E' യുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

## 1.Engage

*പഠന സന്നദ്ധത ഉളവാക്കുക

* അന്വേഷണാത്മക ചോദ്യങ്ങൾ

* പഠന പ്രശ്നം ഉന്നയിക്കൽ

* ഊഹം രൂപീകരിക്കൽ

## 2. Explore

* അന്വേഷനാത്മക പ്രവർത്തനം രൂപകല്പന

* വ്യക്തിഗതം /ഗ്രൂപ്പ് അന്വേഷണത്തിൽ ഏർപ്പെടൽ

* വ്യത്യസ്ത തന്ത്രങ്ങൾ, പ്രക്രിയാ ശേഷികൾ ഉപയോഗപെടുത്തൽ

* പരിസര പഠന മൂല, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ പ്രയോജനപ്പെ ടുത്തുക

## 3. Explain

* വിവിധ സങ്കേതങ്ങൾ ഉപയോഗിച്ച് കണ്ടെത്ത ലുകളുടെ അവതരണം
* സഹപഠിതാക്കളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകൽ
* വിലയിരുത്തൽ ഗ്രൂപ്പ്
* ക്രോഡീകരണം (കുട്ടികൾ)

## 4. Extend

* കണ്ടെത്തിയ ആശയങ്ങളുടെ തുടർ സാധ്യത അന്വേഷിക്കൽ
* പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽExtend

## 5.Evaluation

* ഓരോ ഘട്ടത്തിലും വിലയിരുത്തൽ

* സ്വയം, പരസ്പരം വിലയിരുത്തൽ, ടീച്ചർ വിലയിരുത്തൽ

* പോർട്ട് ഫോളിയോ, മോഡൽ, റിപ്പോർട്ടുകൾ

* നിരീക്ഷണ പരീക്ഷണ കുറിപ്പുകൾ

6 ഭക്ഷ്യമേള / പലഹാരമേള

പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാകുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള / ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ലക്ഷ്യം

ദൈനം ദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാര പദാർത്ഥങ്ങളും ഉൾപ്പെടുത്തണ മെന്ന് തിരിച്ചറിയുന്നതിന് പലതരം പലഹാരങ്ങൾ മനസിലാക്കുന്നതിന് ഉണ്ടാക്കുന്ന വിധം മനസിലാക്കുന്നതിന് ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്

7. പാനീയമേള

ചുറ്റും പാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനീകരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കുന്നു.

ലക്ഷ്യം

കടയിൽ നിന്ന് വാങ്ങുന്ന ( കുപ്പികളിൽ നിന്ന് വാങ്ങുന്ന ) പാനീയങ്ങൾ ആരോഗ്യത്തിന് ഹാനീകരണമാണെന്ന് തിരിച്ചറിയുന്നതിന്.
പരിസര പഠനം

8 ഗ്രോബാഗ് നിർമ്മാണം

ലക്ഷ്യം –

ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിക്കുന്നതിനും ഗ്രോബാഗ് ഉപയോഗിച്ചുള്ള കൃഷി രീതി മെച്ചപ്പെടുത്തുന്നതിന്.

ഇംഗ്ലീഷ് - English

Merits.

* More than half of children have been brought up to high standard.
* It is possible to write and read simple sentences according to the level of the respective class
* Able to respond to instructions given in English
* ICT resources are being utilized.

Demerits

* There is a problem with writing.
* Required worksheets are not available for all units.
* Descriptions cannot be prepared.

**Activities**

Aims.

* To develop listing and speaking ability of children.
* To develop fearless atmosphere .
* To develop reading skills children
* To develop writing skills.

**Sub Aims**

* Listening.
* spesking.
* Reading.

**Aims**

* To develop listening skills
* Story telling
* Listening song and rhymes (Hello English)
* English cartoons
* English radio
* Friday for engilsh
* Language lab
* Pronouncation audios/ Videos

**Aims- Speaking**

* Self Introduction (game)
* Identify objects in the class room
* Picture reading (game with pictures) and speaking about that pictures.
* Singing rhymes and songs
* Story telling.
* Action songs
* Interview
* Add more lines
* Simple conversation (Hello English)

**Aims:**

* To develop reading skills of children
* word cards
* word with picture cards
* sentence cards

* reading cards and stories
* Pazzles
* Picture story reading
* Read sample rhymes
* News paper reading

Aims

* To develop writing skills
* who am I (Riddle making) \
* Picture description
* Write the name of objects in the class room
* write the name of family members friends etc,
* Word making (game)
* Add more lines.
* Simple conversation
* Diary and writing daily news.

## English

Objectives

* To develop English atmosphere in classroom
* All students shoud be able to converse fluently in English
* All students are expected to read and write well in English
* To develop students ability to read under stand & appreciate a story poem themselves

Activity

* Know your English
* Remedial teaching
* English assembly
* Read and lead
* Write and grow
* English Theatre
* English club
* Workshop

Description

1. *** Prefect to find out the improvement and limitation of children**
   * Activity package to overcome the limitations
2. **Word cards**
   * Sentence cards
   * Reading and preparation
   * Picture discription
   * Develop story from pictures
   * Develop stories from a given begining
3. **Conduct an English Assembly twice in a month**
   * Thought of the day book, review, speech, prayer, pledge

4. **News reading in class @ 10am**

* Word pronounciation leaning with help of ICT
* Reading for different group levels
* Select a books from library in accordance to the pupils' level
* Peer group reading
* Collecting stories and poems

5. **Diary writing**

* Introduce puzzles
* Introduce in English facts in Malayalam medium classes
* Students Magazine

6. **presentation of selected movies as part of English club activites.**

* Videos related different leaning activites
* E- reading

7. **Introduce poets and famous writers**

* Present poems, stories and speech
* Dramatisation related to studied materials

8. **Develop work book related to each unit**

* Making magazines
* Conduct seminars

**Speech Bubbles**

* Conveys thoughts and ideas
* Contextually relevent expression
* Can use as fragmental expression
* Use of discourse maker
* Optimum and comprehensive languages

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഗണിത പഠനം ഉല്ലാസ പ്രദവും കൗതുകകരവുമാക്കുക | > ഗണിതകിറ്റ്, ഗണിത മൂല എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കൽ | ജൂൺ | ഗണിത അധ്യാപകൻ |
| 2. മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ( 1000 വരെയുള്ള സംഖ്യ ബോധം സങ്കലനം, വ്യവകലനം, ഗുണനം ) ഉറപ്പിക്കുക | > മൂർത്ത വസ്തുക്കൾ (ഈർക്കിൽ കെട്ട്, സ്ട്രോ, മഞ്ചാടി, മുത്ത്....) ഉപയോഗിച്ച് കൂട്ടങ്ങളാക്കൽ | ജൂലൈ | |
| 3. കുട്ടികളെ മികച്ച പ്രശ്ന പരിഹരണശേഷി യുള്ളവരാക്കുക | > അബാക്കസ്, സ്ഥാന വില പോക്കറ്റ്, കളി നോട്ടുകൾ, സംഖ്യാ റിബ്ബൺ, എന്നിവ ഉപയോഗിച്ച് കൂട്ടങ്ങളാക്കൽ | ഓഗസ്റ്റ് സെപ്റ്റംബർ | |
| | > സങ്കലനം – മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ഒക്ടോബർ | |
| | > വ്യവകലനം – വസ്തുക്കൾ ഉപയോഗിച്ച് എടുത്ത് മാറ്റൽ | നവംബർ | |
| | ഗണിത മേള : കുട്ടികളിൽ നിന്നുള്ള ഉത്പന്നങ്ങൾ CPA യിൽ പ്രദർശിപ്പിക്കൽ | മാർച്ച് | |

ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| മുഴുവൻ ഭാഷശേഷികളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | വായനാക്കാർഡുകൾ | വിവിധ വ്യവഹാരങ്ങൾക്കനുയോ വായനാക്കാർഡുകൾ രൂപപ്പെടുത്തുക | ജൂൺ, ആഗസ്റ്റ് | 1000 |
| | വർക്ക് ഷീറ്റുകൾ വികസിപ്പിക്കുക | ഓരോ യൂണിറ്റുകളിലെയും വ്യവഹാര രൂപങ്ങൾക്ക് യോജിച്ച വർക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കുക | ജൂൺ, ആഗസ്റ്റ് | 2000 |
| ഭിന്നശേഷിക്കുള്ള കുട്ടികൾക്കായി പ്രവർത്തനങ്ങൾ വികസിപ്പിക്കുക | പഠനോപകരണ ശിൽപശാല | റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ അനുയോജ്യ പഠന സാമഗ്രികൾ വികസിപ്പിക്കൽ | ജൂൺ, ആഗസ്റ്റ് | 1000 |
| | പ്രീടെസ്റ്റ് | പ്രീ ടെസ്റ്റ് നടത്തി പരിഹാര ബോധനം | ജൂൺ | |

## 11 മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശാംശങ്ങൾ | കാലയളവ് | വിശാംശങ്ങൾ |
|---|---|---|---|---|
| മുഴുവൻ ഭാഷശേഷിക ളിലും എല്ലാ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | നിരന്തര മൂല്യനിർണ്ണയം | ഓരോ വ്യവഹാര രൂപത്തിന്റെയും വിലയിരുത്തൽ സൂചകങ്ങൾ വികസിച്ച് പഠിതാവിന്റെ പുരോഗതി വിലയിരുത്താനും പരിഹാര ബോധന നിരന്തരമൂല്യനിർണ്ണയ ടൂളുകൾ രൂപപ്പെടുത്തൽ | ഒക്ടോബർ മുതൽ മാർച്ച് വരെ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിലൂടെ ഭാഷ സ്നേഹവും വളർത്തുക | വായനാക്കൂട്ടം | ഇഷ്ടമുള്ള വായനാക്കൂട്ടം രൂപീകരിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ച വായനാക്കുറിപ്പുകൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ച് വരെ | |
| | വായനാമത്സരം | പ്രതിവാര വായന മത്സരം ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും | ജൂൺ മുതൽ | 1000 |

| | | | | |
|---|---|---|---|---|
| | ദിനാചരണങ്ങളും | ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് കലണ്ടർ തയ്യാറാക്കുന്നു. കുട്ടികളുടെ ടാലന്റ് പ്രകടിപ്പിക്കാൻ അവസരം | **ജൂൺ മുതൽ മാർച്ച് വരെ** | |
| | സ്കൂൾ ആകാശവാണി | കഥ, കവിത വായനാക്കുറിപ്പുകൾ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ എന്നിങ്ങനെ വിവിധങ്ങളായ അവതരണങ്ങൾ | **ജൂൺ മുതൽ മാർച്ച് വരെ** | |
| | അമ്മവായന അമ്മയോടൊപ്പം വായന | രക്ഷിതാക്കൾക്കായി ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുകയും കുട്ടിയോടൊപ്പം വായിച്ച് കൂട്ടായി കുറിപ്പുകൾ തയ്യാക്കൽ | **ജൂൺ മുതൽ** | |

| | | | | |
|---|---|---|---|---|
| സർഗാത്മക രചനകൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിലൂടെ ഭാഷാശേഷി വളർത്തുക | രചനാശിൽപ ശാല | ഓരോ യൂണിറ്റിനുശേഷം സർഗാത്മ രചനകൾക്കായി ശിൽപശാലകൾ സംഘടിപ്പിക്കുക. | **ജൂൺ മുതൽ ആഗസ്റ്റ് വരെ** | |
| | എഴുത്തുകൂട്ടം | കുട്ടികളുടെ രചനകൾ അവതരിപ്പിനു വിലയിരുത്താനും അവസരമൊരുക്കും വിധം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുക | **ജൂൺ മുതൽ മാർച്ച് വരെ** | 1000 |

| | | | | |
|---|---|---|---|---|
| | വിദ്യാരംഗം കലാസാഹിത്യ<br>വേദി | ക്ലാസ് തലയൂണിറ്റുകൾ<br>രൂപീകരിച്ച് പ്രാദേശികമായി<br>ലഭ്യമായ വിദഗ്ദരുടെ<br>സേവനം പ്രയോജനപ്പെ<br>ടുത്തി | **ജൂൺ മുതൽ<br>മാർച്ച് വരെ** | **2000** |
| | ലഘുനാടകക്കളരി | പാഠഭാഗങ്ങളുടെ നാടകീക<br>രണം നടത്തി ക്ലാസ് പി.ടി.<br>എകളിൽ അവതരിപ്പിക്കൽ | **ജൂൺ മുതൽ** | |
| ഭിന്ന ശേഷി<br>ഞ്ഞ കുട്ടികൾക്കായി<br>പ്രവർത്തനങ്ങൾ വികസിപ്പി<br>ക്കുക. | ഐസിടി വിഭവങ്ങൾ വിഭവ<br>ങ്ങൾ വികസിപ്പിക്കൽ | ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ<br>ഉപയോഗിച്ച് പാഠം ആകർഷ<br>കമാക്കാൻ കഴിയും വിധം<br>ഐസിടി വിഭവങ്ങൾ വികസി<br>പ്പിക്കൽ | **ജൂൺ മുതൽ<br>മാർച്ച് വരെ** | |

| ദീർഘകാലം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷത ചെലവ് |
| സർഗാത്മക രചനകൾക്ക് കൂടുതൽഅവസരമൊരുക്കുന്നതിലൂടെ ഭാഷാശേഷി വളർത്തുക | നവമാധ്യമ കൂട്ടായ്മ | നവമാധ്യം കൂട്ടായ് മകളിലൂടെ മികവുകളുടെ പങ്കുവെക്കൽ | ജൂൺ മുതൽ | |
| ദിനാചരണങ്ങളെക്കുറിച്ചുള്ള അറിവു നിർമ്മാണം ഒപ്പം പത്രവായന പരിപോഷിപ്പിക്കൽ | ആകാശവാണി | ദിനാചരങ്ങളെക്കുറിച്ച് കൂടുതൽ ധാരണ ഉണ്ടാക്കൽ | ജൂൺ മുതൽ | |

| AIM | ACTIVITIES | ENGLISH DETAILS | DURATION | EXPECTED COST |
| --- | --- | --- | --- | --- |
| ❖ To develop listening and speaking ability of children<br><br>❖ To develop fear less atmosphere | ❖ Listening | ❖ Listening story telling<br>❖ Listening song and rhymes<br>❖ English cartoons<br>❖ English radio<br>❖ Friday for English<br>❖ Language lab<br>❖ Pronunciation auckos /Videos | June to March 2025-26 | |
| | Speaking | ❖ self introduction<br>❖identity objects in the classroom<br>❖ Picture reading and speaking about that picture<br>❖ Singing rhymes and song.<br>❖ Story telling<br>❖ Action Songs<br>❖ Inerview<br>❖ Add more lines<br>❖ Simple conversation. | June to March | |

| AIM | ACTIVITIES | DETAILS | DURATION | EXPECTED COST |
|---|---|---|---|---|
| ❖ To develop reading skills of children | ❖ Reading | ❖ Word cards<br>❖ Word with picture cards<br>❖ Sentence cards<br>❖ Reading cards and stories<br>❖ puzzles<br>❖ Reddles<br>❖ Picture story<br>❖ Read sample rdhymes<br>❖News paper readig<br>❖ Who am I? | June to March 2025-26 | |
| ❖ To develop Writing skills | Writing | ❖ Picture description.<br>❖ Write the name of object in the class room<br>❖ Write the names of object in the class room<br>❖ Write the name of family members friends etc<br>❖ word making<br>❖ Add more write simple conversation | | |

## മോണിറ്ററിംഗ്

ഫലപ്രദമായ മോണിറ്ററിംഗിന്റെയും അപലോകനത്തിന്റെയും അഭാവം ആസൂത്രണം ചെയ്ത അക്കാദമിക പദ്ധതികളുടെ സാക്ഷാത്കാരത്തിന് വിഘാതമാവും എന്നത് തർക്കമില്ലാത്തതാണ്. ആയതിനാൽ സ്കൂൾ, ക്ലാസ്സ്, പി.ഇ.സി ഉപജില്ലാതലത്തിൽ മോണിറ്ററിംഗും പിന്തുണയും അനിവാര്യമാണ്.

1. **ക്ലാസ്സ് തല മോണിറ്ററിംഗ് സമിതി.**

ഹെഡ്മാസ്റ്റർ ക്ലാസ്സ് അധ്യാപകൻ ക്ലാസ്സ് പി.ടി.എ പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി ക്ലാസ്സ് തലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തും. പ്രതിമാസ ക്ലാസ്സ് പി.ടി.എകളിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗ് പ്രധാന അജണ്ടയായിരിക്കും.

2. **എസ്. ആർ. ജി.**

ക്ലാസ്സ് തല പ്രവർത്തനങ്ങളുടെയും വിഷയാധിഷ്ഠിത പദ്ധതികളെയും ഏകോപിപ്പിക്കുന്ന ചുമതല എസ്. ആർജിക്ക് ആയിരിക്കും. പ്രതിവാര എസ്.ആർ.ജി യോഗങ്ങളിൽ മുൻ ആഴ്ചയിലെ പ്രവർത്തനങ്ങൾ, ഫീഡ് ബാക്ക് എന്നിവ കൺവീനർ അവതരിപ്പിക്കും. വരും ആഴ്ചയിലെ പ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണവും നടക്കും. അക്കാദമിക പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രതിമാസ പ്രവർത്തന കലണ്ടർ രൂപികരിക്കും.

## ഹെഡ്മാസ്റ്റർ

പ്രവർത്തനം പരിശോധന ക്ലാസ്സ് പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലായി അക്കാദമിക പ്ലാനിനെ പരിഗണിക്കും. പദ്ധതി നടത്തിപ്പിന്റെ മുഖ്യചുമതല വഹിക്കും.

## സ്കൂൾ തല മോണിറ്ററിംഗ് സെൽ

എച്ച്.എമിന്റെ അധ്യക്ഷതയിൽ പി.ടി.എ. പ്രസിഡന്റ്, എസ്.എം.സി ചെയർമാൻ, മദർ പി.ടി.എ പ്രസിഡണ്ട്, വിദ്യാലയ വികസനസമിതി ചെയർമാൻ, എസ്.ആർ.ജി. കൺവീനർ എന്നിവർ അംഗങ്ങളായ സമിതി സ്കൂൾ തലത്തിൽ മോണിറ്ററിംഗ് നിർവഹിക്കും. കമ്മിറ്റിയുടെ എല്ലാ യോഗങ്ങളിലും വാർഡ് മെമ്പർ മുഖ്യാതിഥി ആയിരിക്കും.

## അനുബന്ധം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുവാനായി ഏപ്രിൽ മാസത്തിൽ തന്നെ എസ്.ആ.ജി. യോഗം ചേർന്നു. മാസ്റ്റർ പ്ലാൻ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും പദ്ധതിയുടെ രൂപഘടനയും ഉള്ളടക്കവും സംബന്ധിച്ച് അധ്യാപകരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. പ്ലാനിന്റെ രൂപഘടന സംബന്ധിച്ച് പൊതു തീരുമാനത്തിലെത്തുകയും, അതുപ്രകാരം ഒരോ അധ്യാപകനും

അവരുടെ ക്ലാസ്സും വിഷയവും സംബന്ധിച്ച പദ്ധതിയുടെ കരട് തയാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം മെയ്മാസം അവസാനം വിളിച്ച എസ്ആർജി യോഗത്തിൽ പ്ലാൻ അവതരിപ്പിച്ച് അംഗീകരിക്കുകയും ചെയ്തു.